(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടന്ന ജോലി തട്ടിപ്പുകളിൽ ഏതെങ്കിലും രാഷ്ട്രീയ നേതാക്കൾക്ക് ബന്ധമുള്ളതായി കണ്ടെത്തിയിട്ടുണ്ടോ;

(എഫ്) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ചില ജില്ലകളിൽ ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 8 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) 19 പേർ.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഇല്ല.

(എഫ്) ഉത്തരം 'ഇ'-യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

പോലീസ് സേനയുടെ പ്രവർത്തനം

158 [800] ശ്രീ. ടി. പി. രാമകൃഷ്ണൻ:

,, കെ. രാധാകൃഷ്ണൻ:

,, ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് സേനയുടെ പ്രവർത്തനം വിലയിരുത്താനും, സേവനവും കാര്യക്ഷമതയും മെച്ചപ്പെടുത്തുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പോലീസ് സേനയുടെ നവീകരണത്തിനായി സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ;

(സി) പോലീസ് സേനയുടെ ഇന്നത്തെ പ്രവർത്തനത്തിൽ പോരായ്മകൾ ഉണ്ടെന്ന് കരുതുന്നുണ്ടോ;

(ഡി) എങ്കിൽ ഇതിന് പരിഹാരം കാണാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് പറയാമോ;

(ഇ) പോലീസ് നവീകരണത്തിന്റെ ഭാഗമായി ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ച് കുറ്റവാളികളെ കണ്ടുപിടിക്കുന്നതിനും, കുറ്റകൃത്യങ്ങൾ അമർച്ച ചെയ്യുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പോലീസ് സേനയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി കാലാകാലങ്ങളിൽ ശുപാർശ സമർപ്പിക്കുക, കൂടാതെ പോലീസിന് പ്രവർത്തന സ്വാതന്ത്ര്യം നൽകിയതു മൂലമുണ്ടായ ഗുണദോഷങ്ങൾ വിലയിരുത്തുകയും പോലീസ് സേനയുടെ പ്രവർത്തനവും ചുമതലാബോധവും മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുക എന്നിവയ്ക്കായി പോലീസ് പെർഫോർമൻസ് ആന്റ് അക്കൗണ്ടബിലിറ്റി കമ്മിഷൻ രൂപീകരിച്ചിട്ടുണ്ട്. പോലീസ് സേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി, സേനാംഗങ്ങളുടെ ജോലി സമയം ക്രമീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പരീക്ഷണാടിസ്ഥാനത്തിൽ കുറ്റാന്വേഷണവും ക്രമസമാധാനപരിപാലനവും രണ്ട് വിഭാഗങ്ങളാക്കി തിരുവനന്തപുരം നഗരത്തിലെ എല്ലാ പോലീസ് സ്റ്റേഷനുകളും പ്രവർത്തിച്ചു വരുന്നു. പോലീസ് സേനാംഗങ്ങൾക്ക് പരിശീലനം നൽകുന്നതിന് സിലബസ് കാലോചിതമായി പരിഷ്ക്കരിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പോലീസ് സേനയുടെ നവീകരണത്തിനായി കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ മോഡണൈസേഷൻ ഓഫ് പോലീസ് ഫോഴ്സ് എന്ന പദ്ധതിയനുസരിച്ച് 2000-2001 മുതൽ 2004-2005 വരെയുള്ള കാലയളവിൽ 315 കോടി രൂപയുടെ വിവിധ കാര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുക, വാഹനങ്ങൾ വാങ്ങുക, നവീനോപകരണങ്ങൾ, കമ്മ്യൂണിക്കേഷൻ ഉപകരണങ്ങൾ, കമ്പ്യൂട്ടറൈസേഷൻ എന്നിവയാണ് നടപ്പിലാക്കിയിട്ടുള്ളത്.

(സി ആന്റ് ഡി) പോലീസ് സേനയുടെ ഇന്നത്തെ പ്രവർത്തനത്തിൽ പോരായ്മകൾ ഉണ്ടോ എന്ന് പരിശോധിക്കുന്നതിനും പരിഹരിക്കുന്നതിനും, സേനയെ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി പോലീസ് പെർഫോർമൻസ് ആന്റ് അക്കൗണ്ടബിലിറ്റി കമ്മിഷൻ രൂപീകരിച്ചിട്ടുണ്ട്. കമ്മീഷന്റെ റിപ്പോർട്ട് കിട്ടിക്കഴിഞ്ഞതിനുശേഷം അനന്തര നടപടികൾ പര്യാലോചിക്കുന്നതാണ്.

(ഇ) പോലീസ് നവീകരണത്തിന്റെ ഭാഗമായി പോലീസ് സ്റ്റേഷനുകളിൽ പുതിയ വാഹനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ആധുനിക കുറ്റാന്വേഷണത്തിന് സഹായകമായ എഫ്. എസ്. എൽ. ഉപകരണങ്ങൾ എഫ്.പി.ബി. ഉപകരണങ്ങൾ, ഫോട്ടോഗ്രാഫിക് ഉപകരണങ്ങൾ, മൊബൈൽ ഫോറൻസിക് സയൻസ് ലാബിനുവേണ്ട ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ ഉപകരണങ്ങൾ പ്രവർത്തനക്ഷമമാകുമ്പോൾ, പോലീസിന്റെ കുറ്റാന്വേഷണം കൂടുതൽ കാര്യക്ഷമമാകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly